# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.235/PR/PIC/PHQ/18 Date:21.09.2018

---

## ഉപയോഗ ശൂന്യമായ ഉപകരണങ്ങൾ ഒഴിവാക്കാൻ നിർദ്ദേശം

പോലീസ് സ്റ്റേഷനുകളിലും മറ്റു പോലീസ് ഓഫീസുകളിലും ഉള്ള ഉപയോഗ ശൂന്യമായ ഫർണ്ണിച്ചറുകൾ, പഴയ ഉപകരണങ്ങൾ, കംപ്യൂട്ടറുകൾ, പഴയ പ്രിന്ററുകൾ, മറ്റു ഇലക്ട്രോണിക് സ്പെയർ പാർട്സുകൾ തുടങ്ങി ഇനി ഉപയോഗിക്കാൻ കഴിയാത്ത സാധനങ്ങൾ നടപടിക്രമങ്ങൾ പാലിച്ച് എത്രയും വേഗം ഒഴിവാക്കണമെന്നു സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകി. പോലീസ് സ്റ്റേഷനുകളിലും പോലീസ് ഓഫീസുകളിലും അവയുടെ പരിസരങ്ങളിലും ഉപയോഗ ശൂന്യമായ വസ്തുക്കൾ കൂടി കിടക്കുന്നത് സ്ഥല സൗകര്യം നഷ്ടപ്പെടുന്നതിനും ആരോഗ്യപ്രശ്നം സൃഷ്ടിക്കുന്നതിനും മറ്റു അസൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും കാരണമാകുന്നുണ്ട്. അതിനാൽ ഇത്തരം വസ്തുക്കൾ ഡിസംബറിനുള്ളിൽ ഒഴിവാക്കുന്നതിനുള്ള നടപടിക്ക്രമങ്ങൾ നടത്തണമെന്ന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകി.

*******************